# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1914 01.02.2018- ൽ മറുപടിയ്ക്ക്

**നോർക്കയുടെ സ്ഥലം അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആർ. രാജേഷ്** | | **ശ്രീ. പിണറായി വിജയൻ** *(മുഖ്യമന്ത്രി)* | |
| എ) | മാവേലിക്കര ഈരേഴ ക്ലോറൈറ്റ് ഫാക്ടറിയുടെ ഉപയോഗശൂന്യമായ സ്ഥലം നിലവിൽ നോർക്കയുടെ ഉടമസ്ഥതയിൽ ആണോ ; പ്രസ്തുത സ്ഥലം ഉപയോഗിക്കുന്നതിന് നോർക്കയുടെ പദ്ധതികൾ നിലവിലുണ്ടോ ; | എ) | അതെ.<br>പ്രവാസി മലയാളികൾക്ക് വേണ്ടിയുള്ള ഹെറിറ്റേജ് ഹോം പ്രോജക്ട് നടപ്പിലാക്കുന്നതിന് സ.ഉ. (കൈ) നം. 256/05/റവന്യൂ, തീയതി 18.08.2005 പ്രകാരം ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ കണ്ണമംഗലം വില്ലേജിൽ 2.01.03 ഹെക്ടർ സർക്കാർ ഭൂമി നോർക്ക വകുപ്പിന് കൈമാറിയിട്ടുണ്ട്. ഈ പദ്ധതി സാക്ഷാത്കരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ, പ്രസ്തുത സ്ഥലത്ത്, അനുദിനം മാറിക്കൊണ്ടിരിക്കുന്ന പ്രവാസലോകവും പ്രവാസ വിഷയവും സംബന്ധിച്ച പഠനം നടത്തുന്നതും സ്ഥിതി വിവര കണക്കുകൾ ശേഖരിച്ച് അവലോകനം ചെയ്ത് വിലയിരുത്തി സർക്കാരിന് ഉപദേശം നല്കുന്നതും ലക്ഷ്യം വച്ച് 'ഇൻസ്റ്റിറ്റ്യൂട്ട് ഓൺ മൈഗ്രേഷൻ' സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ സജീവമായി പരിഗണിച്ചുവരുന്നു. |
| ബി) | മാവേലിക്കരയിൽ സ്ഥിതിചെയ്യുന്ന രാജാരവിവർമ്മ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥല പരിമിതി നേരിടുന്നതിനാൽ ക്യാമ്പസ് വിപുലീകരിക്കുന്നതിലേക്കായി പ്രസ്തുത സ്ഥലം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ബി) | പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**